ത്തിന്റെ കൈയിൽ നിന്നും എഴുതി വാങ്ങിച്ചു. മുഖ്യമന്ത്രി ഇപ്പോഴും പറഞ്ഞു ഇത് ആത്മ രക്ഷയ്ക്ക് വേണ്ടിയിട്ടായിരിക്കാമെന്ന്. പക്ഷെ അവിടെ റിക്കാർഡ് എഴുതി വച്ചിട്ടുണ്ടായിരിക്കും. ഏതെങ്കിലും ഒരു എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ നിർദ്ദേശം ഉണ്ടെന്നനിലയിൽ. ഇതാണ് കാസർകോട് സംഭവിച്ചത്. നിയമത്തിന്റെ മുന്നിൽ യാഥാർത്ഥ്യങ്ങൾക്ക് യാതൊരു വിലയുമില്ല എന്നുള്ള നിലയിലാണ് ഇന്ന് പോലീസുകാർ കുത്തഴിഞ്ഞ് മുന്നോട്ടു പോകുന്നത്. അതിന് കൂട്ടു നിൽക്കുന്ന ഈ ഗവൺമെന്റിന്റെ നയത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയിലെ അംഗങ്ങളും ഇറങ്ങിപ്പോകുന്നു.

(ശ്രീ. കെ. ചന്ദ്രശേഖരനും അദ്ദേഹത്തിന്റെ പാർട്ടിയിലെ അംഗങ്ങളും സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രീ. എം. വി. രാഘവൻ : സർ, വെടിവയ്പ്പിനെ മുഖ്യമന്ത്രി ന്യായീകരിച്ചത് വളരെ തെറ്റായിപ്പോയി. കാരണം ആത്മരക്ഷയ്ക്കുവേണ്ടി വെടിവയ്ക്കാം എന്നാണ് മുഖ്യമന്ത്രി പറയുന്നത്. ആത്മ രക്ഷയ്ക്കുവേണ്ടി ആർക്കും വെടി വയ്ക്കാം. അത് പോലീസുകാർക്കുമാത്രമല്ല. ആത്മരക്ഷ എന്നുള്ളതല്ല പോലീസിന്റെ ഉത്തരവാദിത്വം. എക്സിക്യൂട്ടീവ് മജിസ്ട്രേട്ടിന്റെയോ അതുപോലുള്ള ഉദ്യോഗസ്ഥൻമാരുടെയോ കൽപ്പനയില്ലാതെ താന്തോന്നിത്തരമായി ഒരു കോൺസ്റ്റബിളാണ് വെടിവച്ചത്. അയാളെ സസ്പെൻഡ് ചെയ്ത് അതേപ്പറ്റി അന്വേഷണം നടത്തണം, അതാണ് മുഖ്യമന്ത്രി ചെയ്യേണ്ടത്. എങ്കിലേ ഈ പോലീസുകാരെ നിലയ്ക്കു നിറുത്താൻ കഴിയൂ. അത് ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും ഇറങ്ങി പോകുന്നു.

(ശ്രീ. എം. വി. രാഘവനും പാർട്ടിയും സഭ വിട്ടിറങ്ങിപ്പോയി.)

IV ശ്രദ്ധ ക്ഷണിക്കൽ

(1) കൊച്ചി-മധുര ഹൈവേയും കൊച്ചി-മധുര റെയിൽവേ ലൈനും

ശ്രീ. വി. വി. ജോസഫ് : സർ, കേരളത്തിന്റെ സത്വരമായ പുരോഗതിക്കുതകുന്ന രണ്ട് പദ്ധതികളും, കൊച്ചി-മധുര ഹൈവേയും കൊച്ചി-മധുര റെയിൽവേലൈനും കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി നടപ്പിൽ വരുത്തണമെന്ന് ഗവൺമെൻറിനോട് അഭ്യർത്ഥിക്കുകയാണ്. വ്യക്തമായ പദ്ധതികളും ആരംഭിച്ച കേന്ദ്രത്തിന്റെ മുൻപാകെ സമർപ്പിച്ചാൽ ആ പദ്ധതികൾക്ക് അനുവാദം നൽകാൻ തയ്യാറാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആ നിലയിൽ നമ്മുടെ സംസ്ഥാനത്തിന്റെ പുരോഗതിക്കാവശ്യമായ പദ്ധതികളും എത്രയും വേഗം കേന്ദ്രത്തിൽ സമർപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നാഷണൽ ഹൈവേ തീരദേശത്തുകൂടിയാണ് കടന്നു പോകുന്നത്. എന്നാൽ ഈ പദ്ധതി തമിഴ്നാടിനുകൂടി താൽപ്പര്യമുള്ള ഒരു പദ്ധതിയാണ്. തമിഴ് നാട്ടിലുണ്ടാകുന്ന കാർഷികോൽപ്പന്നങ്ങൾക്ക് പുറമേ നമ്മുടെ സംസ്ഥാനത്തെ മലയോര പ്രദേശങ്ങളായ ഇടുക്കി തുടങ്ങിയ പ്രദേശങ്ങളിലുണ്ടാകുന്ന റബ്ബർ, ഏലം, തേയില, പുകയില, കുരുമുളക്, ചുക്ക്, തുടങ്ങിയ കാർഷികോൽപ്പന്നങ്ങളും ലോറി മാർഗ്ഗം തുറമുഖത്ത് എത്തിക്കുവാൻ കഴിയും. കൂടാതെ കൂടുതൽ ഗതാഗത കുരുക്കുകളും ഉള്ള പ്രദേശങ്ങളിൽ ഗതാഗത കുരുക്ക് ഒഴിവാക്കാനും ഗതാഗതം കാര്യക്ഷമമാക്കാനും സാധിക്കും. കൊച്ചി മധുര ഹൈവേയ്ക്ക് ഒരു കോടി രൂപ കേന്ദ്രം

LIBRARY ARCHIVES Kerala Legislative Assembly

അനുവദിച്ചിട്ടുണ്ട്. ആ ഒരു കോടി രൂപയുടെ പണി കാര്യക്ഷമമായി നടക്കുന്നില്ല. അതെത്രയും വേഗം നടത്തുകയും, കൂടുതൽ പണം ഇതിലേക്ക് അനുവദിക്കുകയും ചെയ്യണമെന്നാണ് എനിക്കു പറയാനുള്ളത്. അതുപോലെതന്നെ കൊച്ചി മധുര റെയിൽവേ വളരെ വർഷമായി നമ്മുടെ ഗവൺമെൻറിന്റെ ശ്രദ്ധയിൽ ഉള്ളതാണ്. ആ പദ്ധതി നടപ്പിലാക്കി കഴിഞ്ഞാൽ നമ്മുടെ രാജ്യത്തിന്റെ പുരോഗതിക്ക് വളരെ ഉതകുന്ന കാര്യമാണ്. മദ്ധ്യ കേരളത്തിന്റെ പുരോഗതിക്കുതകുന്ന ഈ രണ്ടു പദ്ധതികളും എത്രയും വേഗം കാര്യക്ഷമമായി പ്ലാനിംഗ് കമ്മീഷന്റെ മുൻപിൽ അവതരിപ്പിച്ചാൽ അത് അനുവദിക്കുമെന്ന് മറ്റു സംസ്ഥാനങ്ങളുടെ അനുഭവങ്ങൾ നമുക്ക് വഴി നൽകുന്നുണ്ട്. കേരളത്തിന്റെ പുരോഗതിക്കുതകുന്ന രണ്ടു പദ്ധതികളും പ്ലാനിംഗ് കമ്മീഷന്റെ മുൻപാകെയും കേന്ദ്രത്തിന്റെ മുൻപാകെയും അവതരിപ്പിച്ച് അനുവാദം വാങ്ങണം. എത്രയും വേഗം അതിന്റെ നടപടി സ്വീകരിക്കാൻ ഗവൺമെൻറ് തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, മധുര മുതൽ ബോഡിനായ്ക്കനൂർ വരെയുള്ള റെയിൽവേ ബ്രോഡ്ഗേജ് ആക്കണമെന്നും അവിടെനിന്നും കൊച്ചിയിലേക്ക് അവ യോജിപ്പിക്കണമെന്നും പറഞ്ഞുകൊണ്ട് സംസ്ഥാന ഗവൺമെൻറ് കേന്ദ്ര ഗവൺമെൻറിനെ ധരിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ റെയിൽവേ സർവേ നടത്തി റിപ്പോർട്ട് സമർപ്പിച്ചിരിക്കുകയാണ്. കേന്ദ്ര ഗവൺമെൻറ് എടുത്തിട്ടുള്ള നിലപാട് ഈ ലൈൻ ആദായകരമല്ല എന്നാണ്. അവിടെ ചരക്കയയ്ക്കുന്ന കാര്യമെടുത്താലും യാത്രക്കാരുടെ കാര്യമെടുത്താലും ഇത് ആദായകരമായിരിക്കുകയില്ല എന്നുള്ളതുകൊണ്ടും സാമ്പത്തികമായ ബുദ്ധിമുട്ടുള്ളതുകൊണ്ടും, മുൻഗണന കൊടുക്കാനുള്ള പദ്ധതിയല്ല എന്നുള്ളതുകൊണ്ടും തൽക്കാലം ഇതെടുക്കാൻ കഴിയുകയില്ല എന്നാണ് സംസ്ഥാന ഗവൺമെൻറിനെ അറിയിച്ചിട്ടുള്ളത്. അതുപോലെതന്നെ തിരുവനന്തപുരം-മൂവാറ്റുപുഴ മധുര റോഡ് നാഷണൽ ഹൈവേ ആക്കാനുള്ളതായ നിർദ്ദേശം കേരളാ ഗവൺമെൻറ് സമർപ്പിച്ചിരുന്നു അതിൽ തിരുവനന്തപുരത്തുനിന്നും മൂവാറ്റുപുഴ വന്നുകഴിഞ്ഞാൽ കൊച്ചിയിൽ നിന്ന് കണക്ഷനായിട്ട് കൊടുക്കണമെന്നും അങ്ങനെ തിരുവനന്തപുരം മുവാറ്റുപുഴ മധുര റോഡ് നാഷണൽ ഹൈവേ ആക്കണം എന്നുമുള്ള നിർദ്ദേശമാണ് കൊടുത്തിട്ടുള്ളത്. ഇതു സംബന്ധിച്ച പ്ലാനിംഗ് കമ്മീഷൻ യോജിച്ച നിലപാട് സ്വീകരിച്ചിട്ടുണ്ട്. കൊച്ചി മൂവാറ്റുപുഴ റോഡിന്റെ ജോലി നടത്തുന്നതിനു വേണ്ടി സംസ്ഥാന ഗവൺമെൻറിന് ഒരു കോടി രൂപ കടം ആയിട്ട് തന്നിട്ടുണ്ട്. ഇതിന്റെ പണി കഴിയുന്നതും വേഗത്തിൽ ഏറ്റെടുത്ത് നടത്തണമെന്ന് സംസ്ഥാന ഗവൺമെൻറ് വീണ്ടും കേന്ദ്ര ഗവൺമെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(2) കുന്നത്തറ ടെക്സ്റ്റയിൽസ്

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, കുന്നത്തറ ടെക്സ്റ്റയിൽസ് കേരളത്തിലെ സ്വയം തൊഴിൽ കണ്ടെത്താനുള്ള സംരംഭങ്ങളിൽ ശ്രദ്ധയാകർഷിക്കപ്പെട്ട ഒന്നാണ്. 1976-ൽ 600 ചെറുപ്പക്കാർ 5,000 രൂപ ഷെയർ എടുത്ത് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി സംസ്ഥാന വ്യവസായ വകുപ്പിനെ സമീപിച്ചു. സംസ്ഥാന വ്യവസായ വകുപ്പ് ഒരു കൂരയ്ക്കു കീഴിൽ വ്യത്യസ്ത വ്യവസായങ്ങൾ എന്ന നിലയിൽ, വ്യത്യസ്ത ഉടമസ്ഥതയിലുള്ള ലൂമുകൾ എന്നുള്ളനിലയിൽ കേരള സംസ്ഥാന ചെറുകിട വ്യവസായ

LIBRARY ARCHIVES Kerala Legislative Assembly